**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** **07-10-2025 - ൽ മറുപടിയ്ക്ക്**

**വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ബഡ്ജറ്റിൽ 5 കോടി വകയിരുത്തി നിർമ്മിക്കുന്ന കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ബഡ്ജറ്റിൽ 5 കോടി വകയിരുത്തി നിർമ്മിക്കുന്ന കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ 75% പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളരിത്തോട് വികസന പദ്ധതിയുടെ ഭാഗമായി എകദേശം 1045 മീറ്ററോളം വരുന്ന തോടിന്റെ ഇരുകരകളിലും സംരക്ഷണ ഭിത്തി (Protection Wall), ആർ.സി.സി ലൈനിംഗ് നിർമ്മാണം എന്നിവ ആണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന് പുറമെ ഏകദേശം 175 മീറ്റർ ദൈർഘ്യമുള്ള ഭാഗത്ത് കവർ സ്ലാബ് നിർമ്മാണവും വീടുകളിലേക്കുള്ള പ്രവേശനത്തിനായി റോഡിൽ നിന്ന് കയറാനുള്ള ആക്സസ് സ്ലാബുകൾ (Access Slabs) ഉൾപ്പെടെ ഒരു ചെറിയ പാലവും(Small Bridge) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഏകദേശം 150 മീറ്ററോളം ദൈർഘ്യമുള്ള ഭാഗത്ത് ഇരുകരകളിലും സംരക്ഷണ ഭിത്തി നിർമ്മാണം മാത്രമാണ് ബാക്കി ഉള്ളത്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭിത്തി നാട്ടുകാർ പൊളിച്ചു നീക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | **പ്രസ്തുത തോടിന്റെ പാർശ്വഭിത്തി ഡ്രെയിനേജ് പൈപ്പ് ഇടുന്നതിന് 15 സെ.മീ. വ്യാസത്തിൽ തുരന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ, ഹെൽത്ത് ഇൻസ്പെക്ടർ ഇതു സംബന്ധിച്ച് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കോൺക്രീറ്റ് ഭിത്തി തുരന്ന് പൊതു മുതൽ നശിപ്പിച്ചത് പരിശോധിച്ച് മൂല്യം കണക്കാക്കി റിപ്പോർട്ട് ഹാജരാക്കുവാൻ സബ് ഇൻസ്പെക്ടർ, വെള്ളയിൽ പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി ആവശ്യപ്പെട്ടതിനെ തുടർന്ന് ഭിത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. പ്രസ്തുത വിഷയത്തിൽ പോലീസിന്റെ നിയമ നടപടികൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

| | | | |
|---|---|---|---|
| (സി) | ഈ വെള്ളരിത്തോടിന്റെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) | **മറുപടി (ബി) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ